ഉത്തരം

(എ) 342 എണ്ണം

(ബി) 10-12-2002-ൽ

(സി) 94 പേർക്ക്

(ഡി) അതാത് സ്കൂൾ ഹെഡ്മാസ്റ്റർ, പി.റ്റി.എ. പ്രസിഡന്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ നോമിനി എന്നിവരാണ് താൽക്കാലിക ജീവനക്കാരെ നിയോഗിക്കുന്നത്. അതുകൊണ്ട് ആകെ നിയമിച്ചവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഇ) കുട്ടികളുടെ പഠനം തടസ്സപ്പെടാതിരിക്കുവാൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെ അദ്ധ്യാപകർ വന്ന് ജോലിയിൽ ചേരുന്നതിനിടയിലുള്ള ഒരു മാസക്കാലം വരെയുള്ള കാലാവധിക്ക് നിലവിലുള്ള നിയമനമനുസരിച്ച് താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്.

(എഫ്) സ്വീകരിച്ചുവരുന്നു. പി.എസ്.സി. യിൽ നിന്നും ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് താൽക്കാലിക അദ്ധ്യാപകരെ പരിച്ചു വിടുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ്

**126 (2066)** ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി/യു.പി. അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ;

(സി) തയ്യാറാക്കിയിട്ടില്ലെങ്കിൽ കാരണമെന്ത് ; ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 31-12-1980 വരെയുള്ള എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) 1-1-1976 മുതൽ 31-12-1980 വരെയുള്ള ഗ്രഡേഷൻ ലിസ്റ്റിന്റെ കോപ്പി അനുബന്ധമായി സമർപ്പിക്കുന്നു.*

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly